**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1505** **07-02-2023 - ൽ മറുപടിയ്ക്ക്**

**എല്ലാവർക്കും ഭൂമി എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാവർക്കും ഭൂമി എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാരിന്റെയും റവന്യൂ വകുപ്പിന്റെയും ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യമാണ് എല്ലാവർക്കും ഭൂമി എന്നത്. റവന്യൂ വകുപ്പിന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിന്റെ ഭാഗമായി ഒരു മിഷൻ രീതിയിൽ പ്രത്യേക ദൗത്യമായി പട്ടയ വിതരണം ഏറ്റെടുക്കുകയും, ആയതിന്റെ ഭാഗമായി ഈ സർക്കാരിന്റെ ആദ്യ ഒരു വർഷ കാലയളവിൽ 54,535 പട്ടയങ്ങൾ സംസ്ഥാനത്ത് ഒട്ടാകെ വിതരണം ചെയ്തിട്ടുള്ളതാണ്. പട്ടയം ലഭിക്കുന്നതിന് അർഹതയുള്ള കേസുകൾ കണ്ടെത്തി പരിഹരിക്കുന്നതിന് പട്ടയം ഡാഷ് ബോർഡ് എന്ന സംവിധാനം ആരംഭിച്ചിട്ടുണ്ട്. എല്ലാ പട്ടയ പ്രശ്നങ്ങളും ഡാഷ് ബോർഡിൽ ഉൾപ്പെടുത്തി സമയബന്ധിതമായി പരിഹരിക്കുക എന്നുള്ളതാണ് ലക്ഷ്യം. സംസ്ഥാനത്ത് നിരവധി കോളനികളിൽ താമസിച്ച് വരുന്ന പട്ടയമില്ലാത്ത ആയിരക്കണക്കിന് കുടുംബങ്ങൾക്ക് എത്രയും പെട്ടെന്ന് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ഇതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഭൂമി സർക്കാരിലേക്ക് പുനർ നിക്ഷിപ്തമാക്കിയ ശേഷം പട്ടയം നൽകാനും തദ്ദേശ സ്ഥാപനങ്ങളിൽ ഇതു സംബന്ധിച്ച രേഖകൾ ലഭ്യമല്ലെങ്കിൽ പോക്കു വരവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രയോജനപ്പെടുത്തി രേഖകൾ നൽകുവാനുമാണ് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ മലയോര മേഖലകളിൽ പട്ടയവിതരണത്തിനായി “ മലയോര-പട്ടികവർഗ്ഗ പട്ടയം വിതരണത്തിനുള്ള കർമ്മ പദ്ധതി 2022 ” തയ്യാറാക്കി നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ പട്ടയപ്രശ്നങ്ങൾ ക്രോഡീകരിച്ച് പരിശോധിച്ച് പട്ടയവിതരണം സുഗമമാക്കുന്നതിനും പട്ടയവിതരണത്തിനുള്ള തടസ്സങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ജില്ലകളക്ടർമാർക്ക് നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യവുമായി പ്രവർത്തിക്കുന്ന കേരളത്തിലെ റവന്യൂ വകുപ്പ് 2022-23വർഷത്തിൽ ഏറ്റവും പ്രാധാന്യത്തോടെ നടപ്പാക്കുന്ന കർമ്മ പദ്ധതിയാണ് മലയോര പട്ടിക വർഗ പട്ടയങ്ങളുടെ വിതരണം. ഈ വർഷത്തോടെ തന്നെ കേരളത്തിലെ ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്കും ഭൂമി നൽകുകയെന്നതും ഭൂമി കൈവശമുള്ള പട്ടിക വർഗ്ഗക്കാർക്കും രേഖ നൽകുകയെന്നതുമാണ് ഈ കർമ്മ പദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. 1960 ലെ കേരള ഭൂപതിവ് നിയമത്തിനെ അധികരിച്ച് രൂപപ്പെടുത്തിയ 1993 ലെ ചട്ടങ്ങൾ, 2001ലെ ചട്ടങ്ങൾ എന്നിവ പ്രകാരവും 1970 ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ച് നൽകലും നിയമവും അതിന്റെ ചട്ടങ്ങളും പ്രകാരമാണ് മലയോര പട്ടിക വർഗ്ഗ മേഖലയിലെ പട്ടയങ്ങൾ അധികവും നൽകേണ്ടത്. ഇത് കൂടാതെ കേന്ദ്ര നിയമമായ വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാർക്ക് വനാവകാശ രേഖയും നൽകേണ്ടതായിട്ടുണ്ട്. മലയോര പട്ടയങ്ങൾ വിതരണ യോഗ്യമാക്കുന്നത് സംബന്ധിച്ച പ്രവർത്തനം വേഗത്തിലാക്കാൻ ഒരു എസ്.ഒ.പി. തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | കോളനികളിലെയും ആദിവാസി മേഖലകളിലേയും പട്ടയപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കോളനികളിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പുമായി ചേർന്ന് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമി സർക്കാരിലേക്ക് വെസ്റ്റ് ചെയ്ത ശേഷം പട്ടയം നൽകാനും രേഖകൾ ലഭ്യമല്ലാത്ത ഭൂമി സംബന്ധിച്ച് പോക്കു വരവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രയോജനപ്പെടുത്തി പട്ടയം നൽകാനും തീരുമാനിച്ചിട്ടുണ്ട്. ആദിവാസി മേഖലകളിൽ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായ 19,000 ഏക്കർ വനഭൂമിയുടെ വിതരണം 5 ജില്ലകളിൽ നടന്നു വരുന്നു. വനം വകുപ്പിൽ നിന്നും ഭൂമി റവന്യൂ വകുപ്പിന് കൈമാറി കിട്ടുന്നമുറയ്ക്കാണ് നടപടി സ്വീകരിക്കുന്നത്. കൂടാതെ 01.01.1977 ന് മുമ്പ് വനഭൂമി കൈവശം വച്ചു വരുന്ന പട്ടിക വർഗ്ഗക്കാർ ഉൾപ്പെടെയുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനായി സർവ്വെ നടത്തി സ്കെച്ച് തയ്യാറാക്കിയ വിവരങ്ങൾ പരിവേഷ് പോർട്ടലിൽ അപ് ലോഡ് ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. കേന്ദ്ര ഗവ.അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. പട്ടിക വർഗ്ഗ വിഭാഗത്തിലെ |

| | | | |
|---|---|---|---|
| | | | അവശേഷിക്കുന്ന ഭൂരഹിതരെയും കണ്ടെത്തി പട്ടയം അനുവദിക്കുന്നതിലേക്കായി പത്രമാധ്യമങ്ങൾ വഴി പരസ്യം നൽകുകയും ആയതു പ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ